ടാറ്റാ ടീ കമ്പനി കൈവശപ്പെടുത്തിയ സർക്കാർ ഭൂമി

238 [2291] ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാറ്റാ ടീ കമ്പനി സർക്കാർ ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഇങ്ങനെ കൈവശപ്പെടുത്തിയതായി കണ്ടെത്തിയത്;

(സി) പ്രസ്തുത ഭൂമി തിരികെ പിടിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) സർക്കാർ ഭൂമിയുടെ പാട്ട തുക ഇളവു ചെയ്ത പ്രകാരം ഒരു വർഷം ഒരു ലക്ഷം രൂപയ്ക്കുമേൽ ഇളവു ലഭിക്കുന്ന എത്ര പാട്ടം ഉടമകൾ ഉണ്ട്;

(എഫ്) ഒരു വർഷം ഒരുകോടി രൂപയ്ക്കുമേൽ ഇളവു ലഭിക്കുന്ന പാട്ട ഉടമകൾ എത്ര പേർ; ഇവർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ജി) പുതിയ ഇളവ് ഉത്തരവുമൂലം കുടിശ്ശിക ഇനത്തിൽ 10 ലക്ഷം രൂപയ്ക്കുമേൽ ഇളവു ലഭിച്ച പാട്ട ഉടമകൾ എത്ര പേർ; അവർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ഈ ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ടിയിരുന്ന തുകയിൽ ഇളവു മൂലം എത്ര രൂപ കുറവ് വരുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ടാറ്റാ ടീ കമ്പനി സർക്കാർ ഭൂമി കൈവശപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ ആന്റ് എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി ആന്റ് എച്ച്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly